## പശ്ചിമഘട്ടം : ദർശനങ്ങൾ

ദാർശനികനും കവിയും എഴുത്തുകാരനുമായിരുന്ന ഹെൻറി ഡേവിഡ് തോറോ (1817–1862) അമേരിക്കയിലെ മസാച്ചുസെറ്റ്സ് പ്രദേശത്തെ കോൺകോർഡ് ഗ്രാമത്തിലാണ് ജീവിച്ചിരുന്നത്. വാൾഡൻ (walden) ; തടാകക്കരയിലെ ജീവിതക്കുറിപ്പുകൾ, നിയമലംഘനമെന്ന ഉത്തരവാദിതത്തെക്കുറിച്ച് (On the dtuy of civil disobedience), തത്വദീക്ഷയില്ലാത്ത ജീവിതം (life without principle) എന്നിവ പ്രധാന കൃതികളിൽ ചിലതാണ്. അമേരിക്കയിലെ അടിമ വ്യാപാരത്തിനും, ആർത്തിപിടിച്ച ഉപഭോഗ ജീവിതശൈലിക്കും എതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുണ്ടായിരുന്നു തോറോയ്ക്ക്. അദ്ദേഹത്തിന്റെ 'മെയിനിലെ കാടുകൾ' എന്ന യാത്രാക്കുറിപ്പിലെ തിരഞ്ഞെടുത്ത ഭാഗങ്ങൾ.

ഹെൻറി ഡേവിഡ് തോറോ

**ഈ** പൈൻ മരങ്ങൾ എങ്ങനെയാണ് എന്നെന്നും പച്ചപ്പാർന്ന അവയുടെ കൈകൾ വെളിച്ചത്തിലേയ്ക്കു ഉയർത്തി ജീവിക്കുന്നതെന്നും വളരുന്നതെന്നും കാണുവാനായി, അവയുടെ പരിപൂർണ്ണ വിജയം കാണുവാനായി, എത്ര കുറച്ചു പേരാണ് ഈ കാടുകളിലേയ്ക്ക് വരാറുള്ളതെന്നത് വിചിത്രമായൊരു സംഗതിയാണ്. മിക്ക ആളുകൾക്കും ആ മരങ്ങളെ, വിപണിയിലെ വീതിയുള്ള പലകകളായി കാണുന്നതാണ് തൃപ്തി; അങ്ങനെ ആയിത്തീരുന്നതാണ് അവയുടെ യഥാർത്ഥ വിജയം എന്നും അവർ കരുതുന്നു.

വാസ്തവത്തിൽ, മനുഷ്യരെക്കാൾ മികച്ച പലകകളല്ല പൈൻ മരങ്ങൾ. മരങ്ങളുടെ യഥാർഥവും ഉന്നതവും ആയ പ്രയോജനം പലകകളും വീടുകളുമാവുകയാണെന്നത്, മനുഷ്യനെ വെട്ടി വളമാക്കലാണ് അവനെക്കൊണ്ടുള്ള ഏറ്റവും മികച്ച ഉപയോഗം, എന്നതിനേക്കാൾ സത്യമല്ല. മരങ്ങളോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധത്തെ നിർണ്ണയിക്കുന്ന കൂടുതൽ ഉന്നതമായ ഒരു നിയമമുണ്ട്.

ഒരു ചത്ത മനുഷ്യൻ മനുഷ്യനായിരിക്കുന്നതിൽ കൂടുതലൊന്നും വെട്ടിമുറിക്കപ്പെട്ട ഒരു മരം, ഒരു മരിച്ച മരം, മരമായിരിക്കുന്നില്ല. തിമിംഗല എല്ലിന്റെയും എണ്ണയുടെയും ചില പ്രയോജനങ്ങൾ കണ്ടുപിടിച്ചയാൾ, തിമിംഗലത്തിന്റെ യഥാർത്ഥ ഉപയോഗം കണ്ടെത്തിയെന്ന് പറയാനാവുമോ? ആനകളെ അവയുടെ കൊമ്പിനായി കശാപ്പു ചെയ്യുന്നവൻ, ആനയെ ശരിക്കും കണ്ടിട്ടുണ്ടെന്ന് പറയാനാവുമോ? കൂടുതൽ കരുത്തരായ ഒരു വംശം, നമ്മുടെ എല്ലുകൾ കൊണ്ട് ബട്ടൺസും ഓടക്കുഴലും ഉണ്ടാക്കുവാൻ നമ്മെ കൊലചെയ്യുന്നത് പോലെ, അധഃപതിച്ചതും ആകസ്മികവുമായ ചില ഉപയോഗങ്ങളാണ് അവ. അങ്ങനെ എ

**പരിഭാഷ:**
ഗീതി പ്രിയ
ശ്യാം ബാലകൃഷ്ണൻ

# മരങ്ങളും മനുഷ്യരും



ഫോട്ടോ: എൻ.എ. നസീർ

അവയുടെ മരക്കമ്പുകളെയോ, തൊലിയേയോ, എണ്ണയേയോ അല്ല ഞാൻ ഏറ്റവുമധികം സ്നേഹിക്കുന്നത്; എന്റെ മുറിവുകളുണക്കുന്ന, മരത്തിന്റെ ജീവിക്കുന്ന ആത്മാവിനോടാണ് എനിക്ക് താദാത്മ്യം. എന്റെയത്രയും തന്നെ നിത്യമാണതും. ഒരുവേള, അത് സ്വർഗ്ഗത്തോളം തന്നെ വളർന്ന്, അവിടെയും എനിക്ക് മേലെ ഉയർന്ന് നിന്നേക്കും.

ല്ലാത്തിനും ഉയർന്നതും താഴ്ന്നതുമായ ഉപയോഗങ്ങളുണ്ട്. എല്ലാ ജീവജാലങ്ങളും, മരിക്കുന്നതിനേക്കാൾ നല്ലത് ജീവിച്ചിരിക്കുന്നതാണ്; മനുഷ്യരും മാനുകളും പൈൻ മരങ്ങളുമെല്ലാം. ഇത് വേണ്ടവിധം മനസ്സിലാക്കുന്ന ഒരാൾ അവയുടെ ജീവൻ നശിപ്പിക്കുകയല്ല, സംരക്ഷിക്കുകയാണ് ചെയ്യുക.

മരം വെട്ടുകാരനല്ലെന്നുണ്ടെങ്കിൽ പിന്നെ ആരാണ്, ഈ പൈൻ മരങ്ങളോട് ഏറ്റവും ചേർന്ന് നിൽക്കുന്ന, അവയെ ഏറ്റവും നന്നായി മനസിലാക്കുന്ന സുഹൃത്തും കാമുകനും?! അത് ആ മരങ്ങളുടെ തൊലി ഉരിയുന്നയാളാണോ, അതോ, ടർപെൻടയിനാക്കുവാൻ വേണ്ടി അവയെ പെട്ടികളിലാക്കുന്ന, അങ്ങനെ അവസാനം ഒരു പൈന്മരമായിപ്പോയെന്ന് പുതിയ തലമുറ പഴങ്കഥ പറയാൻ ഇടയുള്ള ആളാണോ?!

അല്ലല്ല! അത് കവിയാണ്; അദ്ദേഹമാണ് പൈൻ മരങ്ങളെ ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുന്നത്. അവയെ കോടാലി കൊണ്ട് തലോടുകയോ അറക്കവാളുകൊണ്ട് ഇക്കിളിയിടുകയോ ഉളികൊണ്ട് ഓമനിക്കുകയോ ചെയ്യാത്ത, അതിനെ മുറിപ്പെടുത്താതെ തന്നെ അതിന്റെ ഹൃദയം കപടമാണോയെന്ന് അറിയാൻ കഴിയുന്ന ആളാണ് അദ്ദേഹം. അയാൾ പട്ടണത്തിന്റെ അധികപ്രസംഗം ചുമക്കുന്നവനല്ല. ആ മനുഷ്യൻ കാട്ടിലേക്ക് പ്രവേശിക്കുമ്പോൾ പൈൻ മരങ്ങളെല്ലാം കോൾമയിർകൊള്ളുകയും ദീർഘമായി നിശ്വസിക്കുകയും ചെയ്യും. അതെ, അത് കവി തന്നെയാണ്; അയാളാണ് തന്റെ നിഴലിനെയെന്നപ്പോലെ മരങ്ങളെ സ്നേഹിക്കുകയും അവയെ വളരുവാൻ അനുവദിക്കുകയും ചെയ്യുന്നത്.

ഞാൻ മരമില്ലുകളിലും, ആശാരിയുടെ പണിസ്ഥലത്തും, മരത്തോലുണക്കുന്നിടത്തും, മഷിയും ടർപെൻടയിനും ഉണ്ടാക്കുന്നിടത്തുമെല്ലാം പോയിട്ടുണ്ട്. എന്നാൽ, കാറ്റത്തുലഞ്ഞാടി, വെളിച്ചം ചിന്നിച്ചിതറിച്ച്, അകലെ കാടിനുമീതെ ഉയർന്നു നിൽക്കുന്ന പൈൻ മരത്തലപ്പുകളെ നോക്കി നിന്നപ്പോൾ, മുൻപ് കണ്ടതൊന്നുമല്ല അവയുടെ ഉന്നതമായ ഉപയോഗമെന്നു ഞാൻ തിരിച്ചറിഞ്ഞു. അവയുടെ മരക്കമ്പുകളെയോ, തൊലിയേയോ, എണ്ണയേയോ അല്ല ഞാൻ ഏറ്റവുമധികം സ്നേഹിക്കുന്നത്; എന്റെ മുറിവുകളുണക്കുന്ന, മരത്തിന്റെ ജീവിക്കുന്ന ആത്മാവിനോടാണ് എനിക്ക് താദാത്മ്യം. എന്റെയത്രയും തന്നെ നിത്യമാണതും. ഒരുവേള, അത് സ്വർഗ്ഗത്തോളം തന്നെ വളർന്ന്, അവിടെയും എനിക്ക് മേലെ ഉയർന്ന് നിന്നേക്കും.

പരിഷ്കൃത മനുഷ്യൻ, ഭൂമിയുടെ വലിയൊരു ഭാഗം എന്നന്നേക്കുമായി വെളുപ്പിക്കുകയും, തുറസ്സായ സ്ഥല

ങ്ങളിൽ കൃഷിയിറക്കുകയും മാത്രമല്ല, ഒരു പരിധിവരെ കാടിനെത്തന്നെ ഇണക്കി അവിടെയും കൃഷിചെയ്യുന്നുണ്ട്. മിക്കവാറും അവന്റെ സാമീപ്യം കൊണ്ട് തന്നെ, മറ്റൊരു ജീവിയും ചെയ്യാത്തത് പോലെ അവൻ കാടിന്റെ പ്രകൃതം മാറ്റിമറിക്കുന്നു. മരങ്ങൾ നിന്നിടത്തേക്ക് വെയിലും കാറ്റും ചിലപ്പോൾ തീയും കൊണ്ടുവന്ന് അവൻ ധാന്യം വളർത്തുന്നു. അങ്ങനെ, കാടിന് അതിന്റെ നനവാർന്ന, വള്ളിപടർപ്പുകൾ നിറഞ്ഞ വന്യരൂപം നഷ്ടമായിരിക്കുന്നു. നിലത്തു വീണഴുകുന്ന എണ്ണമറ്റ മരങ്ങളും ഇല്ലാതായിരിക്കുന്നു. അവയ്ക്കൊപ്പം അവയുടെ മേൽ ജീവിച്ചിരുന്ന പച്ചപ്പായലിന്റെ കട്ടിയുള്ള കുപ്പായവും പോയി. അവിടത്തെ മണ്ണ് ഇപ്പോൾ താരതമ്യേന തരിശും മിനുസമുള്ളതും വരണ്ടതുമാണ്.

മെയിനിലെ ഈ കാടും ഒരുപക്ഷെ ഉടനെ മസാച്ചുസെറ്റ്സ് പോലെയായേക്കും. മെയിനിലെ നല്ലൊരു ഭാഗം, ഇപ്പോൾ തന്നെ നമ്മുടെ അയൽപക്കത്തെപ്പോലെ തരിശുഭൂമിയും പൊതുസ്ഥലവുമായിക്കഴിഞ്ഞു. മനുഷ്യർക്ക് ജീവിക്കുവാൻ അനുയോജ്യമാവുന്നതിന് മുൻപ്, ഭൂമി മുഴുവനും, ഒരു മേച്ചിൽ പുറമാവുകയെന്ന അഗ്നിപരീക്ഷയിലൂടെ കടന്നു പോകണമെന്ന് നമ്മൾ വിചാരിക്കുന്നതായി തോന്നുന്നു.

എല്ലാ മൂന്നുവർഷം കൂടുമ്പോഴും മരപ്പൊടിക്കായി അതായത് ഇന്ധനമാക്കുവാൻ വേണ്ടി മുറിക്കപ്പെട്ടിരുന്ന വില്ലോ മരനിരകളും, വലുപ്പമുള്ള സകല ഓക്കുമരങ്ങളും പൈനുകളുമെന്നല്ല മറ്റെല്ലാ കാട്ടുമരങ്ങളും, ഒരു ചെറിയ കാലയളവിനുള്ളിലാണ് മുറിക്കപ്പെട്ടിരിക്കുന്നത്! ഈ വിധമാണെങ്കിൽ, ഓരോ ഊഹക്കച്ചവടക്കാരനും, ആകാശത്തുനിന്ന് മേഘങ്ങളെയും നക്ഷത്രങ്ങളെയും ഒന്നൊന്നായി കയറ്റുമതി ചെയ്യുവാൻ അനുവാദം കിട്ടുന്ന മട്ടാണ്. അങ്ങനെ അവസാനം, ഭക്ഷണത്തിനായി ഭൂമിയുടെ അകക്കാമ്പ് വരെ ചവയ്ക്കുന്നവരായി നാം അധപതിച്ചേക്കും.

ഇതിലും ദരിദ്രമായ കളികളിലേക്ക് മനുഷ്യർ ചുരുങ്ങുന്നുണ്ട്! ആളുകൾ, ഹക്കിൾബെറിയെന്ന കാടൻ ചെടികളെ വളരെ ചെറുതായി മുറിക്കുവാനും, അങ്ങനെ അവയെ ഇന്ധനമാക്കി മാറ്റുവാനും പറ്റുന്ന ഒരു യന്ത്രം കണ്ടെത്തിയിരിക്കുന്നുവെന്ന് ഈയടുത്ത് ഞാൻ കേട്ടു. ഈ നാട്ടിൽ കൃഷി ചെയ്യുന്ന മുഴുവൻ പെയർ മരങ്ങളെക്കാൾ എത്രയോ അധികം പഴങ്ങൾ തരുന്ന ചെടികളാണവ! ഇങ്ങനെ പോയാൽ, ഭൂമിയുടെ നഗ്നത മറയ്ക്കുവാനും, അതിനൊരു വന്യത തോന്നിക്കുവാനുമായി നമ്മളെല്ലാവരും താടി നീട്ടിവളർത്തുവാൻ നിർബന്ധിതരായേക്കും. കർഷകൻ, അവന്റെ സ്ഥലം വൃത്തിയാക്കുന്നതിനെ കുറിച്ച് ചിലപ്പോൾ പറയാറുണ്ട്; ഭൂമി അതിന്റെ സ്വാഭാവികമായ പച്ച പുതപ്പണിയുന്നതിനെക്കാൾ, വെറും തരിശായി കിടക്കുന്നതാണ് ഭേദമെന്ന മട്ടിലും, കാട്ടുവേലികൾ – ഒരുവേള അയാളുടെ കുട്ടികൾക്ക് അയാളുടെ തോട്ടത്തെക്കാൾ പ്രിയപ്പെട്ട വേലികൾ – വെറും വൃത്തികേടാണെന്ന മട്ടിലുമാണ് ഈ പറച്ചിൽ. 'വൃക്ഷവിദ്വേഷി'യെന്ന് വിളിക്കപ്പെടുവാൻ യോഗ്യനായ ഒരുവനെ എനിക്ക് അറിയാം. അയാൾ ആ പേര്, പുതിയൊരു കുടുംബപ്പേരായി തന്റെ കുട്ടികൾക്ക് നൽകിയേക്കുവാനും ഇടയുണ്ട്. അയാളുടെ പ്രവർത്തികൾ കണ്ടാൽ തോന്നുക, ഒരു മരം വീണ് അയാൾ കൊല്ലപ്പെടുമെന്ന് അരുളപ്പാടുണ്ടായതിനാൽ അത് മുൻകൂട്ടി തടയുവാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണെന്നാണ്. കാർഷിക മേഖലയിലുണ്ടാകുന്ന ഇത്തരം 'പുരോഗതി'കളെക്കുറിച്ച് എത്ര പറഞ്ഞാലും അധികമല്ലെന്നാണ് പത്രപ്രവർത്തകരുടെ വിചാരം. അവർക്കിത് 'ധാർമ്മികത' പോലെ വളരെ സുരക്ഷിതമായൊരു വിഷയമാണ്. ഇങ്ങനെയുള്ളൊരു മാതൃകാ തോട്ടത്തിന്റെ സൗന്ദര്യത്തെക്കുറിച്ചാണെങ്കിൽ, ഒരാൾ വെണ്ണ കടയുന്നതും നോക്കി നിൽക്കുന്നതാണ് അതിലും ഭേദം. അത്തരം സ്ഥലങ്ങൾ ആളുകൾ പണം ഉണ്ടാക്കുന്ന ഇടങ്ങൾ മാത്രമാണ്; വെറും അനുകരണങ്ങൾ. ഒരു പുൽനാമ്പ് വളരുന്നിടത്ത് രണ്ടെണ്ണം വളർത്തുന്നത് വലിയ അമാനുഷികതയൊന്നുമല്ല.

ധാരാളം മരങ്ങളും തുറസ്സായ ഇടങ്ങളും അവയുടെ ഒത്ത നടുക്ക് അങ്ങിങ്ങായി ചിതറിക്കിടക്കുന്ന പഴയ ചതുപ്പുകളുമുള്ള നമ്മുടെ ഗ്രാമപ്രദേശങ്ങൾ, വാസ്തവത്തിൽ ഏറ്റവും മനോഹരമായ പൂങ്കാവനങ്ങളും, വള്ളിക്കുടിലുകളും നടപ്പാതകളുമൊക്കെയാണ്. ഇവയുടെയെല്ലാം അനന്തരഫലമാണ് ഒരു ജനതയെന്ന നിലയ്ക്ക് നമുക്കിന്നുള്ള സംസ്കാരവും കലകളും. ഓരോ ഗ്രാമത്തിനും പൊതുവായുള്ളതും സ്വർഗ്ഗീയവുമായ ഇത്തരം ഇടങ്ങളുമായി താരതമ്യം ചെയ്താൽ, പദ്ധതിയിട്ട് പണം ചിലവഴിച്ച്, വളരെ കാര്യമായി ഉണ്ടാക്കിയിട്ടുള്ള ഉദ്യാനങ്ങൾ പരമദയനീയമായ അനുകരണങ്ങൾ ആണ്. ഒരു പക്ഷെ, നമ്മുടെ സ്ഥലങ്ങൾ ഇരുപതു വർഷങ്ങൾക്ക് മുമ്പ് വരെ ഇങ്ങനെ ആയിരുന്നു എന്നായിരിക്കാം ഞാൻ പറയേണ്ടത്.

ഇംഗ്ലണ്ടിലെ രാജാക്കന്മാർ ഒരു കാലത്ത് അവരുടെ വനങ്ങളെ രാജാവിന്റെ കേളികൾക്കുള്ള – വിനോദത്തിനും ഭക്ഷണത്തിനുമുള്ള – സ്ഥലങ്ങളായിട്ടാണ് വിനിയോഗിച്ചിരുന്നത്. അത്തരം ഇടങ്ങൾ ഉണ്ടാക്കുന്നതിനോ വിപുലപ്പെടുത്തുന്നതിനോ വേണ്ടി അവർ ചിലപ്പോൾ ഗ്രാമങ്ങളെപ്പോലും നശിപ്പിച്ചിരുന്നു. അതിനുള്ള സ്വതസിദ്ധമായ ഒരു വാസന അവർക്കുണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. രാജവാഴ്ച വേണ്ടെന്നു വെച്ച നമുക്കെന്തു കൊണ്ട് കാടുകളെ സംരക്ഷിതപ്രദേശങ്ങളാക്കി കൂടാ? ഗ്രാമങ്ങളൊന്നും നശിക്കേണ്ടതില്ലാതെ, കരടിക്കും കരിമ്പുലിക്കും, എന്തിന്, വേട്ടയാടി ജീവിക്കുന്ന ചില മനുഷ്യവംശങ്ങൾക്ക് പോലും 'പരിഷ്കൃതരാക്കപ്പെട്ട്' ഭൂമിയിൽ നിന്ന് തുടച്ച് മാറ്റപ്പെടാതെ നിലനിൽക്കുവാൻ പറ്റുന്ന വിധത്തിൽ നമുക്കവയെ സംരക്ഷിച്ചു കൂടെ? നമ്മുടെ ഈ കാടുകൾ രാജാവിന്റെ നിസ്സാര വിനോദങ്ങൾക്കുള്ള ഇടങ്ങളല്ല; മറിച്ച് രാജാവിനെയുൾപ്പടെ നിലനിറുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ്. എന്തുകൊണ്ട് നമുക്കവയെ – സൃഷ്ടിയുടെ പരമാധികാരികളെ – അലസമായ കേളികൾക്കും തീറ്റക്കുമായല്ലാതെ പ്രചോദനത്തിനും നമ്മുടെ യഥാർത്ഥ പുനരുദ്ധാരണത്തിനും വേണ്ടി കാത്തുസൂക്ഷിച്ചു കൂടാ? അതോ നമ്മൾ, ക്രൂരന്മാരെപ്പോലെ സകലതിനേയും വേട്ടയാടി നമ്മുടെ നാടിനെത്തന്നെ തിന്നു തീർക്കണോ?